LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക വിഭാഗ കമ്മീഷന്റെ പ്രവർത്തനങ്ങൾ

90 (4031) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക വിഭാഗകമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് ആദ്യമായി പ്രസ്തുത കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത് എന്നുമുതൽക്കാണ് എന്ന് വ്യക്തമാക്കാമോ ;

(സി) ഹിന്ദു മതത്തിലെ ഏതെല്ലാം ജാതികളേയും വിഭാഗങ്ങളേയും ആണ് പുതിയതായി പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതിയതായി പിന്നോക്ക വിഭാഗ പട്ടികയിൽ ഏതെല്ലാം വിഭാഗക്കാരെ ഉൾപ്പെടുത്തുന്നതിന് കമ്മീഷനെ ശുപാർശ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്റ്റ് പ്രകാരം സംസ്ഥാന പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും ടി പട്ടികയിൽ അധികമായി ഉൾപ്പെടുത്തിയതോ കുറവായി ഉൾപ്പെടുത്തിയതോ സംബന്ധിച്ച പരാതികളും സ്വീകരിക്കുകയും പരിശോധിക്കുകയും ആവശ്യമായ ഉപദേശം സർക്കാരിലേക്ക് അയയ്ക്കുകയുമാണ് കമ്മീഷനിൽ നിക്ഷിപ്തമായ കർത്തവ്യം.

(ബി) 1993 മാർച്ച് 10-ാം തീയതി കമ്മീഷൻ രൂപീകൃതമായി.

(സി) കമ്മീഷന്റെ ശുപാർശയിന്മേൽ ഇനി പറയുന്ന സമുദായങ്ങളെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

1. മൂപ്പർ അല്ലെങ്കിൽ കല്ലൻ മൂപ്പർ.
2. വീരശൈവ വിഭാഗത്തിൽപ്പെട്ട പൂപ്പണ്ടാരം/മലപണ്ടാരം/ജംഗം എന്നിവ.
3. അടുത്തോൽ, കൊങ്കുനവിനൻ, വേട്ടുവനവീരൻ.
4. കുറുമ്പ.

(ഡി) ഉത്തരം (എ)-യിൽ പറയുന്ന പോലെ ഉപദേശം നൽകുകയാണ് കമ്മീഷൻ ചെയ്യുന്നത്. ഇതിന് മേൽ സർക്കാർ യഥാകാലം ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. അപ്രകാരം നൽകുന്ന ഉപദേശത്തിന്റെ വിശദാംശം ഈ സന്ദർഭത്തിൽ വ്യക്തമാക്കുന്നത് ഉചിതമാണെന്ന് കരുതുന്നില്ല.